# നിസ്വനം

ഡിജിറ്റൽ മാഗസിൻ



## നാരോക്കാവ് ഹയർ സെക്കന്ററി സ്കൂൾ

little KITEs

# സമർപ്പണം

ഞങ്ങളുടെ പ്രിയ
മാനേജറായിരുന്ന
കളത്തിങ്കൽ ഹംസ
ഹാജിയുടെ
പാവനസ്മരണയ്ക്ക്
മുമ്പിൽ
പ്രാർത്ഥനയോടെ

# MESSAGE

**കളത്തിങ്കൽ ജമീല**
**മാനേജർ**
**NHSS നാരോക്കാവ്**

**നാരോക്കാവ് ഹയർ സെക്കന്ററി  സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ അഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും.ഇത്തരത്തിലുള്ള ഉദ്യമം സ്കൂളിന് ഒരു മുതൽക്കൂട്ടാണ്. മാഗസിനിലൂടെ സ്കൂളിന്റെ യശസ്സ് കൂടുതൽ ഉയരങ്ങളിലെത്തട്ടെ...**

# ആശംസകൾ

കെ എം നൗഷാദ് ,
PTA പ്രസിഡണ്ട്

നാരോക്കാവ് ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.' മാറിയ കാലത്തിനനുസരിച്ച സർഗ്ഗാത്മക രചനകൾക്ക് വിദ്യാർഥികളെ സജ്ജമാക്കുന്ന മാഗസിന്റെ  അണിയറ ശിൽപികൾക്ക് ഹൃദ്യമായ ഭാവുകങ്ങൾ....

# എഡിറ്റോറിയൽ

അന്നമ്മ വി.പി

ഹെഡ്മിസ്ട്രസ്

വിജയങ്ങളുടെ പടവുകൾ ഒന്നൊന്നായി പിന്നിടുമ്പോൾ കല്ലിൽ ചിത്രമായി ഒരു നാമധേയം, അതാണ് 1979 ൽ ബഹുമാന്യനായ കളത്തിങ്കൽ ഹംസ ഹാജി സ്ഥാപിച്ച നാരോക്കാവ് ഹയർ സെക്കന്ററി സ്കൂൾ. അർപ്പണബോധമുള്ള ഒരു പറ്റം അദ്ധ്യാപകരുടെ സേവനത്തിൽ ഈ കലാലയം ജൂണിയർ റെഡ് ക്രോസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങി വ്യത്യസ്ത തലങ്ങളിൽ മികവ് പുലർത്തി വരുന്നു.പ്ലാസ്റ്റിക് വിമുക്ത ഹരിത വിദ്യാലയം മലയാള മനോരമ നല്ല പാഠം A+ ഗ്രേഡും മാതൃഭൂമിയുടെ മലപ്പുറം ജില്ലാതല ശ്രേഷ്ഠ ഹരിത വിദ്യാലയ പുരസ്കാരവും കരസ്ഥമാക്കി. മാതൃഭൂമി നന്മ ജില്ലാതല പുരസ്കാരവും സ്കൂൾ നേടുകയുണ്ടായി.

ബഹുമാന്യയായ കളത്തിങ്കൽ ജമീല മാനേജറായിട്ടുള്ള ഈ കലാലയം ഇന്ന് ഹൈസ്കൂളിലും ഹയർ സെക്കന്ററിയിലുമായി ആയിരത്തിലേറെ വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു സ്ഥാപനമായി വളർന്നു കഴിഞ്ഞു.മികച്ച മാനേജ്മെൻറും കർമ്മനിരതരായ അദ്ധ്യാപകരും അച്ചടക്കവും ശിക്ഷണ ബോധമുള്ള വിദ്യാർത്ഥികളും ഈ സ്ഥാപനത്തെ മികവുറ്റതാക്കുന്നു.

ഹൈടെക്ക് ക്ലാസ് മുറികളും ഐടി വിദ്യാഭ്യാസത്തിൽ തൽപ്പരരായ ഒരു പറ്റം ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളും സ്കൂളിന് ഒരു മുതൽക്കൂട്ടാണ്. കുട്ടികളുടെ സർഗശേഷി വികസനത്തിനും സർവതോൻമുഖ വികാസത്തിനും കാരണമാകട്ടെ ഈ മാഗസിൻ എന്ന് ആശംസിക്കുന്നു. അതിലുപരി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തന്നെ ടൈപ്പിങ്ങ് ജോലി നിർവഹിച്ച് പുറത്തിറക്കുന്ന ഈ മാഗസിൻ കൂടുതൽ മികവുറ്റതാകട്ടെ ....

തിരക്കു പിടിച്ച് പൂർത്തീകരിക്കേണ്ടി വന്ന ഒരു എളിയ സംരംഭം.പരീക്ഷച്ചൂടിന്റെ മൂർദ്ധന്യത്തിലേക്കെത്തിയ ഈ വേളയിൽ മനസ്സിലെ സർഗ്ഗ ഭാവനകളെ വാക്കുകളിലേക്കും വരികളിലേക്കുമാവാഹിച്ച് നാരോക്കാവ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നൊരുക്കുന്ന ഡിജിറ്റൽ മാഗസിൽ 'നിസ്വനം'. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവും ആത്മാർത്ഥ പരിശ്രമവും കൊണ്ട് ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിലേക്ക് ഞങ്ങൾ ചുവടു വക്കുന്നു. ഈ പദ'നിസ്വനം' നിങ്ങളോരോരുത്തരുടേയും മനസ്സിൽ മധുര സ്വരങ്ങളായി നിറയട്ടെ ....

പ്രീതി P
സ്റ്റാഫ് എഡിറ്റർ

വളരെ സന്തോഷത്തോടെയാണ് നാരോക്കാവ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന മാഗസിൻ പുറത്തിറക്കുന്നത്. നീതിയും സത്യവും കിനാവും കനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമകാലിക ജീവിതത്തിൽ നഷ്ടപ്പെടുന്നതൊക്കെയും തിരിച്ചു പിടിക്കാൻ നമുക്കു കൈ കോർക്കാം. സഹപാഠികൾക്കൊരു പ്രചോദനമെന്ന നിലയിലാണ് 'നിസ്വനം' പുറത്തിറങ്ങുന്നത്. കൂടുതൽ സ്വപ്നങ്ങളും ചിന്തകളുമായി ശക്തമായ രചനകൾ കൊണ്ട് നമുക്കിനിയും പുതുകാലത്തെ വരവേൽക്കാം. ഒപ്പമുണ്ടാകണം....

സ്റ്റുഡൻറ് എഡിറ്റർ

ഫിദ ഷെറിൻ

9 E



***YOU ARE BORN TO BLOSSOM***-
Dr A P J ABDUL KALAM

# ഇതളുകളിലൂടെ

* വിദ്യാലയചിത്രം
* പ്രളയം കഴിഞ്ഞു ഇനി
* മഴ
* തൈറോയ്ഡിനെ നേരിടാം
* My mother
* മരുഭൂമി
* Health talk
*Friendship
* കണ്ണീർ മഴ
* Love in the air
* പുരസ്കാര നിറവിൽ NHSS

# വിദ്യാലയചിത്രം

Preethi P
HSA (Malayalam)

ഉച്ചവെയിലേറ്റി മുറ്റത്ത് നിൽക്കും
ചില്ലയാടുന്ന നെല്ലിയും മാവും
പിന്നെ നന്നായ് തണൽ പന്തൽ തീർക്കും
ചില്ല മുറ്റും പുളിയും പിലാവും പൂവിടും നാൾ
പുളകങ്ങളുള്ളിൽ കാണുവോർക്കേകി നിൽക്കുന്ന വാക
കാറ്റിൽ വീഴുന്ന പൂക്കളാൽ ചുറ്റും ചന്തമേറുന്ന പൂക്കളം
തീർക്കും ഉണ്ടിനിയും തണൽ വിരിക്കാനായി
മഹാഗണിയും ഇരുളുമൊരാലും ചേർന്നടുത്തായി
നിൽക്കുന്ന കയ്യും കാഞ്ഞിരം കിളിപ്പാട്ടു മൂളുന്നോ?
അവിടെ ഓടിയും ചാടിയും തമ്മിൽ കുസൃതി
പങ്കിട്ടെടുത്തും കൊടുത്തും ഒച്ചയാർത്തു രസിച്ചും
കുരുമ്പിൻ കുഞ്ഞുമുള്ളിനാൽ കുത്തിനോവിച്ചും
ജീവിതത്തിൻ മധുരം നുണയും ബാല്യകൗമാര
സൗകുമാര്യങ്ങൾ നിറയുമീ കാഴ്ചവട്ടത്തിലെന്റെ
നിറവിയന്ന വിദ്യാലയ ചിത്രം.

# പ്രളയം കഴിഞ്ഞു, ഇനി...

അലീന ക്ലീറ്റസ്
X E

2018 ആഗസ്റ്റ് കേരളത്തിനു മറക്കാനാവാത്ത ദിനങ്ങളായിരുന്നു സമ്മാനിച്ചത്.1921 നു ശേഷം കേരളം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കം. നൂറ്റു കണക്കിന് ജീവൻ പൊലിഞ്ഞു. ആയിരത്തിലേറെ വീടുകൾ നഷ്ടമായി. വശ്യമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ കേരളം നിലവിളികളും നാശനഷ്ടങ്ങൾ കൊണ്ടും കലുഷിതമായ ദിവസങ്ങൾ.എന്നാൽ മനുഷ്യർ പരസ്പരം രക്ഷകരാകുന്ന മനോഹര ദൃശ്യങ്ങൾ അതിനിടയിൽ നമ്മൾ കണ്ടു.

സ്വാതന്ത്ര്യ പുലരി ഉണരുന്നത് പ്രളയ ദുരന്തവും പേറി യായിരുന്നു. പ്രളയജലത്തിൽ കേരളം മുങ്ങി.നാലു ദിവസത്തിനു ശേഷമാണ് വെള്ളം ഇറങ്ങിയത്.ഒരായുസ്സുകൊണ്ട് നുള്ളി പെറുക്കി സമ്പാദിച്ചവനോക്കി നിൽക്കുമ്പോൾ കുത്തി ഒലിച്ചുപോകുന്നത് നിസ്സഹായതയോടെ നമ്മൾ കണ്ടു നിന്നു. എന്നാൽ അത്ഭുതകരമായ ചിലതു കൂടി സംഭവിച്ചു. മനുഷ്യന്റെയുള്ളിലെ  യഥാർഥ മനുഷ്യൻ പുറത്തു വന്നു.

നമ്മിലെ നമ്മളെ നാം തിരിച്ചറിഞ്ഞു. അതിർത്തിയുടെ കാവൽക്കാർ ഉദരത്തിന്റെ കാവലാളുകളായപ്പോൾ നിസ്സാരരെന്ന് പറഞ്ഞ് നാം മാറ്റി നിർത്തിയ കടലിന്റെ മക്കൾ സഹോദരസ്നേഹത്തിന്റെ പ്രതിരൂപങ്ങളായി. ജീവൻ മുറുകെ പിടിച്ച് നിന്നപ്പോൾ പോലും ഒറ്റയാക്കപ്പെട്ട കടലിന്റെ മക്കളിൽ ഇത്രയും നന്മയുണ്ടായിരുന്നോ എന്ന് നാം ചിന്തിച്ച നിമിഷങ്ങൾ. ദൈവത്തിന്റെ സ്വന്തം നാടെന്ന വാക്കിന്റെ പൊരുൾ ഇപ്പോഴാണ് യഥാർത്ഥത്തിൽ മനസ്സിലാകുന്നത്. ഓഖി ദുരന്തത്തിന്റെ അലയൊലികൾ അടങ്ങിയിട്ടില്ലെങ്കിലും ഇതു വരെ കാണുകയോ കേൾക്കുകയോ അറിയുകയോ ചെയ്തിട്ടില്ലാത്ത സഹോദരങ്ങൾക്ക് വേണ്ടി സ്നേഹത്തിന്റെ പങ്കായം അവർ തുഴഞ്ഞപ്പോൾ.

പ്രളയം കൊണ്ടുവന്നത് ചേറാണെന്നത് ശരി തന്നെ. പക്ഷേ ആ ചേറിൽ ചവിട്ടി നിന്ന് കൊണ്ട് കേരളീയരായ നാം വിതച്ചതും കൊയ്തതും സ്നേഹമാണ്. പരസ്പരം പങ്കുവച്ചപ്പോൾ സ്വന്തം വയറ് പോലെ തന്നെ അന്യന്റെ വിശപ്പും കെടുത്തിയപ്പോൾ, രക്ഷാ ഹസ്തം നീട്ടാൻ തയ്യാറായപ്പോൾ എല്ലാം നാം സ്നേഹമാണ് വിതച്ചത്.അങ്ങനെ അവസാനം ദുരന്തം വഴി മാറി.

ഇനി വേണ്ടത് അതിജീവനമാണ്. അതിനുള്ള കഠിന പരിശ്രമമാണ്. കേരളം ഇന്ന് കണ്ടതിലും വലിയ ദുരന്തം അഭിമുഖീകരിച്ച സംസ്ഥാനങ്ങളുണ്ട്. എന്നാൽ

അവയൊന്നും കണ്ട ആളുകൾ പകച്ചു നിൽക്കുകയല്ല. അതിനെ ധീരമായി നേരിടുകയാണ് ചെയ്തത്. നമുക്കും ആ ധീരതയും ആർജവവുമാണാവശ്യം. ഇനി ഒന്നിൽ നിന്നും തുടങ്ങണം. ഒരു നവകേരളം കെട്ടിപ്പടുക്കണം. എന്നാൽ ഇനി ആവശ്യം വലിയ ബംഗ്ലാവുകളോ ചുറ്റുമതിലോ അല്ല. മറിച്ച് സ്നേഹത്തിൽ അടിസ്ഥാനമിട്ട കൊച്ചു വീടുകളും എന്നും നിലനിൽക്കുന്ന ആരോഗ്യകരമായ അയൽപക്ക ബന്ധങ്ങളുമാണ്.

ചരിത്രത്തിന്റെ ഭാഗമായ നൂറ്റാണ്ടിന്റെ മഹാപ്രളയം തന്ന പാഠങ്ങളാകട്ടെ നമ്മുടെ ജീവിത ദർശനങ്ങൾ. ജാതി മത വർഗ വർണ്ണ ലിംഗ അസമത്വങ്ങളും പ്രളയത്തിനു മുമ്പ് നാം ജീവിച്ച ചുറ്റുപാടുകളും എല്ലാം മാറണം. അതും ചരിത്രത്തിന്റെ ഭാഗമാവണം. പണത്തിനും പ്രതാപത്തിനും പുറകെയല്ല മറിച്ച് സ്നേഹത്തിനും സൗഹാർദത്തിനും പിറകെ പായണം .എന്നിട്ട് മുന്നേറണം ഒരു നവകേരളം പടുത്തുയർത്തുന്നതിനായ്....



FIDA FATHIMA 8D

# മഴ

സലാം ചുങ്കത്തറ

ഒരു മധുരമായൊരു
കുളിരായുണർവിനു
തീർത്ഥമായൊരു മഴ വീണ്ടും,
കരയുമെന്നാത്മാവിനാഴം നിറക്കാൻ ,
തിമിർക്കാനൊരുവർഷമിനിയും .
മരുഭൂമിയെൻ ഹൃദയമേടിൽ
തളിർക്കാൻ ,ചിരിക്കാനൊരു
മലർവാടി ഉരുകിക്കരഞ്ഞകലെ നേർത്ത
മേഘക്കീറലിഞ്ഞമൃതായ് വന്നണഞ്ഞു .
കനലു കത്തും മനസ്സിൽ ,
നിറപ്പകയുടെ
കൻമഷമൂറുന്ന നെഞ്ചിൽ
കരുണയായൊരു
മൃദു താളമായ് പൊഴിയുന്ന
ശരണമൊരു തേൻ മഴ വീണ്ടും !
അരികത്തണയാൻ കൊതിക്കും
ചകോരവുമൊരു ജലകണം തേടും
വേഴാമ്പലും ഇവിടെയൊന്നിക്കട്ടെ
വീണ്ടുമിപ്പെരുമഴകനത്തു പെയ്യട്ടെയെന്നുള്ളിൽ!



മഴ നനഞ്ഞ പൂമരങ്ങൾ ....



മനസ്സുപോലെ പൂക്കുകയായ് ......

-

# തൈറോയ്ഡിനെ നേരിടാം

സിസിമോൾ ജോർജ്
HST (Natural Science)

കേരളത്തിൽ തൈറോയ്ഡ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.അയഡിന്റെ കുറവാണ് പ്രധാന കാരണം. അയഡിൻ കലർന്ന ഉപ്പ് ഉപയോഗിക്കുന്നതു വഴി ഒരു പരിധി വരെ ഇതു പരിഹരിക്കാം. നമ്മുടെ പ്രതിരോധ വ്യവസ്ഥയെ തകർക്കുകയും മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന തൈറോയ്ഡ് ഹോർമോൺ തകരാറുകളെ നേരിടാൻ ചെയ്യേണ്ടത് എന്തൊക്കെയാണെന്ന് നോക്കാം.

ആദ്യമായി നമുക്ക് തൈറോയ്ഡിനെ അറിയാം. ഒരു ശലഭത്തിന്റെ ആകൃതിയിൽ ഴത്തിന് മുൻഭാഗത്തായാണ് തൈറോയ്ഡ് ഗ്രന്ഥി സ്ഥിതി ചെയ്യുന്നത്. ശരീരത്തിലെ ഊർജ്ജ സന്തുലനാവസ്ഥ നിലനിർത്തുന്നതിലും ഇതിന് പങ്കുണ്ട്. തൈറോയ്ഡ് ഗ്രന്ഥിയുടെ രണ്ട് തകരാറുകളാണ് ഹൈപ്പോ തൈറോയ്ഡിസവും ഹൈപ്പർ തൈറോയ്ഡിസവും.

ഹൈപ്പോ തൈറോയ്ഡ് രോഗികൾക്ക് എപ്പോഴും വിഷാദം കാണപ്പെടുന്നു. അതിനാൽ ഇവർ തൈറോയ്ഡ് പരിശോധന നടത്തേണ്ടതുണ്ട്.പല തരത്തിലുള്ള മാനസിക പ്രശ്നങ്ങളും ഇവരിൽ കാണപ്പെടുന്നു.ഹൈപ്പർ തൈറോയ്ഡിസം എത്ര ഭക്ഷണം കഴിച്ചാലും ഭാരം കൂടാതിരിക്കുക, ഹൃദയമിടിപ്പ് കൂടുക, അമിത വിയർപ്പ്,

ഉറക്കക്കുറവ്, കൂടെ കൂടെ മൂത്രം ഒഴിക്കാൻ പോകുക എന്നിവയാണ് ലക്ഷണങ്ങൾ.

സ്ത്രീകളിൽ തൈറോയ്ഡ് അസുഖത്തിനുള്ള സാധ്യത കൂടുതലാണ്.കാരണം സ്ത്രീകളുടെ ശരീരത്തിലുള്ള ഈസ്ട്രജൻ, പ്രൊജസ്റ്ററോൺ എന്നീ ഹോർമോണുകൾക്ക് തൈറോയ്ഡ് ഗ്രന്ഥിയുടെ മേൽ സ്വാധീനമുണ്ട്. തൈറോയ്ഡ് ഗ്രന്ഥിയിൽ ഉണ്ടാകുന്ന അമിതമായ വളർച്ചയെ ഗോയിറ്റർ എന്ന് പറയുന്നു. തൈറോയ്ഡ് ഹോർമോൺ ഹൃദയത്തിന്റെ താളം, ശ്വാസകോശം, വൃക്ക, പ്രത്യുൽപാദന അവയവങ്ങളുടെ പ്രവർത്തനം എന്നിവയെ സ്വാധീനിക്കുന്നു. ഈ ഹോർമോണുകളുടെ അളവിന് വ്യതിയാനം വരാൻ പാടില്ല. തൈറോയ്ഡ് പ്രശ്നങ്ങൾ സമയത്ത് ചികിത്സിച്ചില്ലെങ്കിൽ ഗർഭസ്ഥ ശിശുവിന് പോലും പല തരം പ്രശ്നങ്ങൾ ( ബുദ്ധി വളർച്ചക്കുറവ് ) ഉണ്ടാവാൻ സാധ്യതയുണ്ട്.

തൈറോയ്ഡ് ഗ്രന്ഥിയിൽ മുഴകളുള്ള വ്യക്തികൾ വിശദ പരിശോധനകൾ നടത്തണം. തൊണ്ട മുഴ ഉണ്ടോ എന്ന് പരിശോധിക്കാനായി കണ്ണാടിയുടെ മുമ്പിൽ നിന്ന് ഉമിനീർ ഇറക്കി നോക്കുക. തൊണ്ടയിൽ ഒരു മുഴ താഴേക്കും മുകളിലേക്കും നീങ്ങുന്നത് കാണാം.കൃത്യമായി ഡോക്ടറെ കാണുകയും അദ്ദേഹത്തിന്റെ നിർദേശപ്രകാരം വേണ്ട ചികിത്സ  നടത്തുകയും വേണം. ആവശ്യമായ രക്ത പരിശോധനകൾ നടത്തി രോഗത്തെ തിരിച്ചറിഞ്ഞ് മരുന്നുകൾ കഴിക്കുകയും നിശ്ചിത സമയങ്ങളിൽ രക്ത പരിശോധനകൾ നടത്തി തൈറോയ്ഡ് ഹോർമോൺ നില

തൃപ്തികരമാണോ എന്ന് മനസ്സിലാക്കുകയും വേണം.

# My Mother

Shifa KM
XF

When I came to the world
I saw my mother first...
When she gave me thousands of kiss
I twinkling my eyes
Then she huges me
Then I feel the love of mother
Mother is equal to earth
Mother is a friend
She cares her children
She protect her family
She is a saver
She is my heart
She is my world
She is my role model
She is my life
She is great
Mother is the biggest gift from God
Mother is the beauty of nature
I love you Mom
You make me feel happy
Let this happiness makes this world happy forever

...മരുഭൂമി...

സൂര്യ എ. എസ്

ഇത് മരുഭൂമി,
പ്രണയത്തെ തിരസ്കരിച്
ഇന്നവനവേണ്ടി
കണ്ണീർ വാർക്കുന്നവളുടെ ഹൃദയം...
വൈകി പറയാനൊരുങ്ങിയ
വാക്കുകൾ കേൾക്കാൻ,
മരണത്തിന്റെ ധൂളി പരന്ന മുറിയിൽ
കിടപ്പുണ്ടായിരുന്നു,കണ്ണടച്ച് കാതുകൂർപ്പിച്...
ചുണ്ടിൽ ചിരിയില്ലാതെ,
കാതുകൾക്ക് ചേതനയില്ലാതെ...
ഇത് മരുഭൂമി,
നിറയാത്ത കണ്ണ്...
ഇത് മരുഭൂമി,
ഉയിരുണരാത്ത വാക്ക്...
അനന്തമായ മണൽ പാടങ്ങളിൽ
പകച്ചുപോയപ്പോഴും,

നോവിന്റെ തരിമണലുകളിൽ  എന്റെ പ്രാണൻ

ആഴ്ന്നിറങ്ങിയപ്പോഴും,

മരുപ്പച്ചയോടണയാൻ കൊതിക്കുകയായിരുന്നു-

സ്വയം, വിഡ്ഢിയാക്കപ്പെ ട്ടെന്നറിയാതെ...

എപ്പോഴൊക്കെയോ മുളച്ചുപൊന്തിയ

മുൾച്ചെടികളെപ്പോലെ,

വിരഹം എന്നെ നോവിച്ചുകൊണ്ടേയിരുന്നു...

ഇനി, എത്ര മഴകാത്ത്

കൊതിച്ചാലും

ഘനീഭവിക്കാത്ത മഴമേഘമായ് അവൻ മാറിയെന്നറിഞ്ഞ്,

എന്റെ ഉയിരുണങ്ങാത്ത

മോഹങ്ങൾക്കുമേൽ

കണ്ണീർപൊഴിക്കട്ടെ...

# HEALTH TALK

***(നാരോക്കാവ് സ്കൂൾ ഹെൽത്ത് ക്ലബ് വിദ്യാർത്ഥികൾ നിപ രോഗിയെ ചികിത്സിച്ച Dr ബിജിൻ ജോസഫുമായി സംസാരിച്ചപ്പോൾ )***



1) നിപ്പയുടെ പ്രാരംഭ ലക്ഷണങ്ങൾ എന്തെല്ലാം?
(വിഷ്ണു സുരേഷ് AS 10 H)

ഡോക്ടർ: പനി, ചുമ, ശരീരമാസകലമുള്ള വേദനകൾ, തൊണ്ടവേദന, തലവേദന,ക്ഷീണം,തലവേദന, ചർദ്ദി എന്നിവ പ്രാരംഭ ലക്ഷണങ്ങളായി കാണപ്പെടാം..രോഗം

അധികരിക്കുന്ന അവസ്ഥയിൽ അസാധാരണമായ പെരുമാറ്റം,സ്ഥലകാല ബോധം നഷ്ടപ്പെടുക, അപസ്മാരം, ബോധക്ഷയം എന്നിവയൊക്കെ ഉണ്ടാവാം..

2) 2018 ലാണ് നിപ്പ വൈറസ് ബാധ കേരളത്തിലാദ്യമായി കാണപ്പെട്ടത്.ഇതിനു മുമ്പ് എന്തു കൊണ്ടാണ് രോഗം പടർന്നു പിടിക്കാതിരുന്നത്?

(ശിഫ 10 F)

ഡോക്ടർ:നിപ രോഗാണു വവ്വാലുകളുടെ ശരീരത്തിലുള്ളതു കൊണ്ട് മനുഷ്യർക്ക് പകർന്നു കിട്ടണമെന്നില്ല.എല്ലാ വവ്വാലുകളുടെ ശരീരത്തിലും വൈറസ് ഉണ്ടാവുകയുമില്ല. ഒരു നിശ്ചിത അളവിൽ കൂടുതൽ വൈറസുകൾ ഏതെങ്കിലും വിധത്തിൽ  നമ്മുടെ ശരീരത്തിലെത്തിയാലാണ് രോഗം പകരാൻ സാധ്യതയുള്ളത്.രോഗപ്രതിരോധ ശേഷി കുറവുള്ള ആളുകൾക്ക് വളരെ പെട്ടെന്ന്  രോഗം വരും.

3 )സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതും കുളിക്കുന്നതും നിപ്പയെ പ്രതിരോധിക്കുമെന്നത് എത്രത്തോളം ശരിയാണ്?

(നാജിയ 10 F)

ഡോക്ടർ: സോപ്പുപയോഗിച്ച് നല്ലതുപോലെ കൈകാലുകൾ കഴുകുന്നത് ഒരു പരിധിവരെ ഫലപ്രദമാണ്..വായു വഴിയും

രോഗാണു പകരുന്നതു കാരണം കൈ കഴുകുന്നതു കൊണ്ടു മാത്രം പൂർണ്ണമായും രോഗം പകരുന്നത് തടയാൻ പറ്റില്ല. വായിലൂടെയും മൂക്കിലൂടെയും വൈറസ് ഉള്ളിലേക്കെത്താതിരിക്കുന്നതിനും  രോഗത്തിന്റെ വ്യാപനം തടയുന്നതിനും മാസ്ക്, ഗ്ലാസ് എന്നിവയൊക്കെ ഉപയോഗിക്കേണ്ടതായി വരും.

4)നിപ്പ വൈറസിന്റെ രണ്ടാം വരവിനെക്കുറിച്ച് ആശങ്കപ്പെടേണ്ടതുണ്ടോ? എന്തെല്ലാം മുൻ കരുതലാണ് ആരോഗ്യ വ.കുപ്പ് എടുത്തിരിക്കുന്നത്?

(ദന അക്ബർ 8 E)

ഡോക്ടർ:നിപ്പ ഉണ്ടാകാൻ കാരണമായി വൈറസുകൾ ഇപ്പോഴും നമ്മുടെ നാട്ടിൽ തന്നെയുള്ളതു കാരണം നിപ്പ രോഗബാധ വീണ്ടും ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. കേരളത്തിൽ ചില സ്ഥലങ്ങളിലെ പഴം തീനികളായ വവ്വാലുകളിൽ നിപ്പ വൈറസുകൾ ഉണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

നിപ്പയെക്കുറിച്ചും പകരുന്ന രീതികളെപ്പറ്റിയും ജനങ്ങളെ ബോധവത്ക്കരിക്കുകയാണ് എറ്റവും പ്രധാനം.. വവ്വാലുകൾ കടിച്ച പഴവർഗ്ഗങ്ങൾ കഴിക്കാതിരിക്കുക, പഴങ്ങളും പച്ചക്കറികളുമൊക്കെ നല്ലതുപോലെ കഴുകി

ഉപയോഗിക്കുക,ഭക്ഷണ പദാർത്ഥങ്ങളിൽ വവ്വാലുകളുടെ വിസർജ്യ വസ്തുക്കൾ വീഴാതെ മൂടി വെക്കുക എന്നിവയൊക്കെയാണ് നമുക്ക് ശ്രദ്ധിക്കാനുള്ളത്..
ഒരാൾക്ക് രോഗബാധയുണ്ടായാൽ  മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ രോഗിയെ മറ്റുള്ളവരിൽ നിന്ന് മാറ്റി പാർപ്പിക്കുക(Isolation), വിദഗ്ധമായ ചികിത്സ നൽകുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്..
വീണ്ടും നിപ്പ ബാധയുണ്ടായാൽ രോഗികളെ മാറ്റി പാർപ്പിക്കുന്നതിനും മറ്റുമുള്ള തയാറെടുപ്പുകൾ നടത്തുന്നുണ്ട്.

5)രോഗം വന്ന മരണമടഞ്ഞ ആളിൽ നിന്നും രോഗകാരിയായ വൈറസ് മനുഷ്യനിലേക്ക് പകരാൻ സാധ്യതയുണ്ടോ?
(ഹരിപ്രിയ 10 H)

ഡോക്ടർ:രോഗം വന്ന മരണമടഞ്ഞ ആളുകളുടെ മൃത ശരീരവുമായി അടുത്തിടപഴകിയാൽ രോഗം പകർന്ന് കിട്ടാനുള്ള സാധ്യത വളരെ കൂടുതലാണ്.രോഗം ബാധിച്ച് മരണത്തിന് കീഴടങ്ങിയവരുടെ ശരീരത്തിൽ വൈറസുകളുടെ എണ്ണം വളരെ കൂടുതലായിരിക്കും..

6)വവ്വാലിന്റെ സാനിധ്യമുള്ള പ്രദേശങ്ങളിൽ കിണറിലെ വെള്ളം കുടിക്കുന്നത് നിപ്പ സാധ്യത വർദ്ധിപ്പിക്കുന്നുണ്ടോ?

(നജ 10 H)

ഡോക്ടർ: വവ്വാലിന്റെ സാന്നിധ്യമുള്ള കിണറ്റിലെ വെള്ളത്തിൽ അതിന്റെ വിസർജ്യ വസ്തുക്കളും ശരീരസ്രവങ്ങളും കലരാൻ സാധ്യതയുണ്ട്.അതുകൊണ്ട് അണു വാഹകരായ വവ്വാലുകൾ താമസമാക്കിയിട്ടുള്ള കിണറിലെ വെള്ളം നല്ലതുപോലെ  തിളപ്പിക്കാതെ കുടിച്ചാൽ നിപ രോഗബാധയുണ്ടാകാൻ കാരണമാകും.

7)നിപ്പയുടെ അണുക്കൾ വവ്വാലിൽ നിന്നും മാത്രമാണോ പകരുന്നത്?

(ദിയ 10 E)

ഡോക്ടർ: ഇതു വരെയുള്ള പഠനങ്ങളനുസരിച്ച് നിപ രോഗത്തിന്റെ പകർച്ചയിൽ എല്ലാ അവസരങ്ങളിലും ഏതെങ്കിലുമൊരു ഘട്ടത്തിൽ വവ്വാലുകൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

വൈറസിന്റെ സ്വാഭാവിക സംഭരണിയായി (reservoir)പ്രവർത്തിക്കുന്നത് പഴം തിന്ന് ജീവിക്കുന്ന വവ്വാലുകളാണ്(fruit eating bats/flying foxes of genus pteropus) .. വവ്വാലുകളിൽ Nipah വൈറസ് രോഗമൊന്നും ഉണ്ടാക്കുന്നില്ല. വാവലുകളിൽ നിന്ന് പലവിധത്തിലാണ് മനുഷ്യരിലേക്ക് Nipah വൈറസ് എത്തിച്ചേരുന്നത്.

#വവ്വാലുകളിൽ നിന്ന് നേരിട്ട്(direct transmission)-.

വവ്വാലുകളുടെ  സ്രവങ്ങൾ, മൂത്രം, മലം എന്നിവ കലർന്ന പഴവർഗ്ഗങ്ങളും മറ്റ് ഭക്ഷണ പദാർത്ഥങ്ങളും കഴിക്കുക വഴി
# മറ്റ് മൃഗങ്ങളിൽ നിന്ന്--വവ്വാലുകളിൽ നിന്ന് പന്നി, പശു, ആട് തുടങ്ങിയ ജീവികളിലെത്തി അവയിൽ നിന്ന് മനുഷ്യനിലേക്ക്

മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക്: നേരിട്ടുള്ള സമ്പർക്കം വഴിയോ അല്ലാതെയോ തുപ്പൽ, കഫം, മലം ,ശരീര സ്രവങ്ങളിൽ നിന്നുണ്ടാകുന്ന droplets  എന്നിവ വഴിയുമൊക്കെ നിപ പകരാം..

8 )ഈ വൈറസ് ബാധക്ക് നിപ്പ എന്ന പേര് വരാൻ കാരണം എന്ത്?
(സബ 8 E)

ഡോക്ടർ:മലേഷ്യയിൽ kampung sungai Nipah എന്ന സ്ഥലത്താണ് മനുഷ്യരിൽ ആദ്യമായി ഈ വൈറസ് ബാധ സ്ഥിരീകരിച്ചത്.അതു കൊണ്ടാണ് Nipah എന്ന പേര് വന്നത്.

9)നിപ്പ രോഗത്തെ പ്രതിരോധിക്കാൻ ഫലപ്രദമായ വാക്സിൻ കണ്ടെത്തിയിട്ടുണ്ടോ ?
(റെസ 10 E)

ഡോക്ടർ:നിപ വൈറസിനെ പ്രതിരോധിക്കാൻ ഇതുവരെ

വാക്സിൻ കണ്ടു പിടിച്ചിട്ടില്ല. വാക്സിൻ കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

10 )നിപ്പ വൈറസ് പ്രജരണത്തിന് പ്രത്യേക മാസങ്ങളുണ്ടോ?
(തൻഹ 8 D)

ഡോക്ടർ:ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലാണ് പഴം തിന്ന് ജീവിക്കുന്ന വവ്വാലുകളുടെ പ്രജനന കാലം..ഈ കാലത്ത് അവയുടെ ശരീര സ്രവങ്ങൾ കൂടുതലായിരിക്കും.അതുകൊണ്ട് ഈ കാലത്ത് കൂടുതലായി വൈറസ് പരക്കാൻ സാധ്യതയുണ്ട്.

11)നിപ്പ വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ എന്തെല്ലാം മുൻ കരുതലുകളാണ് ആ പ്രദേശത്തെ ജനങ്ങൾ സ്വീകരിക്കേണ്ടത്?
(അലീന തോമസ് 9 E)

ഡോക്ടർ:

1.ആരോഗ്യരംഗത്തെ വിദഗ്ധരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.

2. വാവലുകൾ കടിച്ച പഴങ്ങൾ കഴിക്കരുത്. വവ്വാലിന്റെ സ്രവങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള കള്ള്, വാഴക്കുമ്പ്

എന്നിവയൊക്കെ ഒഴിവാക്കാം.

3. വാവലിനെ പേടിച്ച് അതിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ നശിപ്പിക്കരുത്.അങ്ങനെ ചെയ്താൽ അവ പുതിയ താമസ സ്ഥലം തേടി നിങ്ങളുടെ വീട്ടിലും പരിസരത്തുമെത്താൻ

സാധ്യതയേറെയാണ്.

4. വവ്വാൽ ഉൻമൂലനം പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമല്ല. വവ്വാലുകൾ സസ്യങ്ങളുടെ പരാഗണം,വിത്തുകളുടെ വിതരണം തുടങ്ങി പരിസ്ഥിതിയുടെ സംതുലനം നില നിർത്തുന്നതിൽ തങ്ങളുടേതായ പങ്കു വഹിക്കുന്നവയാണ്.

5. വവ്വാലുകളുടെ മൂത്രം, മലം, ശരീര സ്രവങ്ങൾ എന്നിവ കലരാതിരിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ അടച്ചു വെക്കുക. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക.

6. വവ്വാലുകളുമായി സമ്പർക്കം ഇല്ലാതിരിക്കാൻ പന്നി, പശു, ആട്, നായ എന്നിവയുടെ കൂടുകൾ നെറ്റിട്ട് മറക്കുക.

7. അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കുക.

8.nipah വൈറസ് ബാധയുള്ളവരും സംശയത്തിലുള്ളവരുമായി അടുത്തിടപഴകാതിരിക്കുക. അത്യാവശ്യമായി വന്നാൽ ഗ്ലൗസ് ,മാസ്ക് തുടങ്ങിയ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.മിനിമം ഒരു മീറ്റർ അകലമെങ്കിലും പാലിക്കുക.

9. രോഗികളെ മറ്റുള്ളവരുമായി സംമ്പർക്കം വരാത്ത രീതിയിൽ പാർപ്പിക്കുക.

10. രോഗിയെ തൊട്ടാൽ സോപ്പും ആന്റി സെപ്റ്റിക് ലായനിയും ഉപയോഗിച്ച് കഴുകുക. രോഗിയുടെ വസ്ത്രങ്ങൾ പ്രത്യേകമായി അലക്കുക.

11 .മരിച്ച രോഗികളുടെ മൃതദേഹം ചുംബിക്കരുത്. മൃതദേഹം കൈകാര്യം ചെയ്യുന്നയാളുകൾ നന്നായി സോപ്പുപയോഗിച്ച് കുളിക്കുക.

12. ഊരും പേരുമില്ലാത്ത, തെറ്റിദ്ധാരണാജനകമായ, maximum share ആവശ്യപ്പെടുന്ന വ്യാജസന്ദേശങ്ങൾ പ്രചരിപ്പിക്കാതിരിക്കുക.

## Friendship

Hamamath PP
XF

Friendship;the most mellowing thing in the whole life

It is the greatest gift from God

It makes my life fully powered

Earn a real friend that is the real achievement in life

It destroyed my dreamy things and dismay leads to light

It makes pillars in life

It is like a tree gives fruits to others.

# കണ്ണീർ മഴ

തൻഹ MI
8D

മുറ്റത്ത് തോരാത്ത മഴയുടെ ഇരമ്പൽ.ആ കൊച്ചു കുടിലിലെ ജനാലക്കരിൽ നിന്ന് മാതാവ് ചിന്തിക്കുകയാണ്. ഇതു പോലെ ഒരു മഴയത്തായിരുന്നു തന്റെ എല്ലാം നഷ്ടപ്പെട്ടത്. മാതാവിനെ ചിന്തയിൽ നിന്ന് ഉണർത്തി കൊണ്ട് മക്കളുടെ വിളി. അതേ, അവർ സ്കൂളിൽ നിന്നും വന്നതാ. അമ്മ ഓടി അവരുടെ അടുക്കൽ എത്തി. അവർ മഴയത്താകെ നനഞ്ഞിരുന്നു. കുടവാങ്ങാൻ പോലും ആ മാതാവിന്റെ കൈയ്യിൽ കാശില്ലായിരുന്നു. ഒരു കാലം വരെ സമ്പന്നമായ കുടുംബമായിരുന്നു. പെട്ടെന്നായിരുന്നു പിതാവിന്റെ മരണം. അതോടെ എല്ലാം നഷ്ടപ്പെട്ടു. മാതാവിന്റെ ചെറിയൊരു ജോലിയിലാണ് ഇപ്പോൾ അവരുടെ പോക്ക്.അത്ര വലിയ ജോലിയൊന്നും അല്ല. തുച്ഛമായ വേതനം. മഴയായതിനാൽ അതും ഇല്ല. ദാരിദ്രത്തിന്റെ നെറുകയിൽ നിന്ന് അവരെ കരകയറ്റാൻ ആരും വന്നില്ല. അല്ലെങ്കിലും ഒന്നുമില്ലാത്തവരെ ആർക്കും വേണ്ടല്ലോ. ആ മാതാവ് ജീവിക്കുന്നത് സ്വന്തം മക്കൾക്കു വേണ്ടി ആയിരുന്നു. അച്ഛന്റെ മരത്തിനു ശേഷവും ആ അമ്മ മക്കൾക്ക് ഒരു കുറവും വരുത്തിയില്ല. അവരെ വളർത്താൻ ആ മാതാവ്

നന്നേ കഷ്ടപ്പെടുന്നുണ്ടായിരുന്നു.അമ്മയുടെ വേദനകൾ മക്കൾക്ക് അറിയില്ലായിരുന്നു. അറിയാഞ്ഞിട്ടല്ല അറിയിക്കാത്തതാണ്. മക്കൾ വളർന്നു വലുതായി. നന്നായി പഠിച്ചു.പഠനത്തിൽ രണ്ടു പേരും മുൻപന്തിയിൽ എത്തിച്ചേർന്നു.

വർഷങ്ങൾ കടന്നു പോയി. ഒരു ദിവസം അവർ രണ്ടു പേരും അമ്മയുടെ അടുക്കൽ ഓടി എത്തി.പ്രസന്നമായ അവരുടെ മുഖം കണ്ട് മാതാവ് കാര്യം അന്വേഷിച്ചു.അതെ രണ്ടു പേർക്കും ജോലി കിട്ടി. ഈ വാർത്തയറിഞ്ഞ അമ്മയുടെ മനം സന്തോഷം കൊണ്ട് നിറഞ്ഞു. പക്ഷേ ആ അമ്മയെ ദു:ഖിപ്പിക്കുന്ന ഒരു കാര്യം ഉണ്ടായിരുന്നു. രണ്ടു പേർക്കും ജോലി ലഭിച്ചിരിക്കുന്നത് വിദേശത്താണ്. എങ്കിലും ആ ദു:ഖം അമ്മ മറച്ചുവെച്ചു. എല്ലാം നല്ലതിനു വേണ്ടി എന്ന ശുഭ പ്രതീക്ഷയിൽ അമ്മ അവരെ യാത്രയാക്കി.

വർഷങ്ങൾ വീണ്ടും കടന്നു പോയി. ആദ്യകാലങ്ങളിൽ എന്നും ഫോൺ ചെയ്തിരുന്ന മക്കൾ പിന്നീട് വല്ലപ്പോഴുമായി വിളി.ജോലിത്തിരക്കാണ് കാരണം എന്ന് ആ അമ്മ മനസ്സിൽ പറഞ്ഞു സമാധാനിച്ചു.അപ്പോഴേക്കും ആ അമ്മ വാർദ്ധക്യത്തിന്റെ പിടിയിൽ അമർന്നു. മക്കളുടെ

ശബ്ദത്തിനായി കാതോർത്തിരുന്നെങ്കിലും തന്നെ മക്കൾ മറന്നു എന്നല്ല ചിന്ത വൃദ്ധയെ മുന്നോട്ട് നയിച്ചു. പെട്ടെന്നൊരു ദിവസം ഒരു ഫോൺ കോൾ വന്നു. നാളെ ഞങ്ങൾ നാട്ടിൽ വരുന്നു. മക്കളുടെ വാക്കു കേട്ട മാതാവ് വളരെയധികം സന്തോഷിച്ചു.

ഒടുവിൽ ആ ദിനം വന്നെത്തി. നിറയെ പെട്ടികളുമായി ഒരു വാഹനം വീടിനു മുന്നിൽ വന്നെത്തി. മക്കൾ അമ്മയുടെ അടുത്തേക്ക് ഓടിവന്നു. അമ്മേ വേഗം വാ ഒരിടം വരെ പോകാനുണ്ട് എന്നു മക്കൾ പറഞ്ഞപ്പോൾ എങ്ങോട്ടാണെന്നറിയാതെ ആ മാതാവ് അവരോടൊപ്പം യാത്രയായി. ഏറെ നാളുകൾക്കു ശേഷം മക്കളോടൊപ്പമുള്ള യാത്ര സന്തോഷം അലതല്ലുന്നതായിരുന്നു. വഴിയോരക്കാഴ്ചകൾ മനോഹരമായിരുന്നു. പെട്ടെന്ന് വാഹനം നിന്നു. പാതി മങ്ങിയ കണ്ണുകൾ അവിടെ എഴുതിയ വലിയ അക്ഷരങ്ങളിൽ ഉടക്കി (വൃദ്ധസദനം). അമ്മയുടെ ഇനിയുള്ള താമസം ഇവിടെയാണെന്ന് മക്കൾ ചിരിച്ചു കൊണ്ട് പറഞ്ഞപ്പോൾ കണ്ണുനീർ തുള്ളികൾ അമ്മയുടെ കാഴ്ച മറച്ചിരുന്നു. കണ്ണുനീർ തുടച്ച് നോക്കിയപ്പോൾ താൻ വന്ന വാഹനം വിദൂരതയിലേക്ക് മറയുന്നത് ഒരു പൊട്ടു പോലെ ദൃശ്യമായി.

LOVE IS IN THE AIR

-Jibin P V
9F

I thought she had fallen from the sky
I knew that she was going to be my angel
She wore a smile that only
Heaven could make;
And I prayed that it would take.
Me to her heart
We would never be apart.
It was love at first sight,
Right from the start.
It was her sparkling eyes,
That drew me to her
From then on I knew we would be
Together……….
Therefore let’s not pretend that
Our love would never end.


# പുരസ്കാര നിറവിൽ NHSS




**മാതൃഭൂമി സീഡ് ജില്ലാതല ഹരിത വിദ്യാലയ പുരസ്കാരം നാരോക്കാവ് സ്കൂൾ ഏറ്റുവാങ്ങുന്നു.**




**മാതൃഭൂമി VKC നന്മ വിദ്യാലയ പുരസ്കാരം നാരോക്കാവ് സ്കൂൾ ഏറ്റുവാങ്ങുന്നു**




നല്ലപാഠം A+ ഗ്രേഡ് നേടിയ നാരോക്കാവ് സ്കൂൾ പുരസ്കാരം ഏറ്റുവാങ്ങുന്നു









***All the flowers of the tomorrows are in the seeds of today***

# BEHIND THE MAGAZINE



COLLECTING



TYPING



PROOF READING AND SUPPORT



COVER PAGE DESIGNING

**നന്ദി ....**

**ഒരു എളിയ സംരംഭത്തിന്റെ പരിസമാപ്തിയിലാണിപ്പോൾ. നന്ദി പറയേണ്ടതുണ്ടെനിക്ക് .... പലരോടും. ആദ്യന്തം എന്നോട് സഹകരിച്ച് പൂർത്തീകരണത്തിനായ് സഹായിച്ച എന്റെ പ്രിയപ്പെട്ട കൂട്ടുകാരായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോട് ....**

**മതിയായ ആത്മവിശ്വാസം നൽകി എന്നെ കർമ്മ നിർവ്വഹണത്തിന് പ്രേരിപ്പിച്ച അധ്യാപകരോട്.....**

**പൂർണ്ണമെന്ന് അവകാശപ്പെടുന്നില്ല. തെറ്റുകുറ്റങ്ങൾ കാണും, പൊറുക്കണം എന്ന അപേക്ഷ മാത്രം.**

സ്റ്റുഡൻറ് എഡിറ്റർ
ഫിദ ഷെറിൻ 9E